പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ . 307 | 25.06.2012-ൽ മറുപടിക്ക്

# അശാസ്ത്രീയ മത്സ്യബന്ധനം

ചോദ്യം | മറുപടി

| | | | |
|---|---|---|---|
| | ശ്രീ. സി.കെ. സദാശിവൻ<br>,, പി.കെ. ഗുരുദാസൻ<br>,, കെ.വി.അബ്ദുൾ ഖാദർ<br>ഡോ. കെ.ടി. ജലീൽ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കേരള കടൽത്തീരത്തെ അശാസ്ത്രീയമായ മത്സ്യബന്ധനം മൂലം മത്സ്യസമ്പത്തിൽ ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഇപ്പോഴത്തെ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | കേരളത്തിന്റെ സമുദ്രമത്സ്യ ഉൽപ്പാദനത്തിൽ നേരിയ കുറവ് കാണുന്നുണ്ട്. എന്നാൽ ആകെ മത്സ്യ ഉൽപ്പാദനത്തിൽ കുറവു വന്നിട്ടില്ല. മത്സ്യ ബന്ധനം സംബന്ധിച്ച് പഠനം നടത്തിയിട്ടുള്ള കലാവർ കമ്മിറ്റി മുതലുള്ള എല്ലാ കമ്മിറ്റികളുടെയും പഠന റിപ്പോർട്ടുകളിൽ അനിയന്ത്രിതമായ മത്സ്യബന്ധന യാനങ്ങളുടെ എണ്ണം, ക്യാച്ച് പെർ യൂണിറ്റ് എഫർട്ട് കുറയാൻ കാരണമാകുമെന്ന് പ്രതിപാദിക്കുന്നുണ്ട്. സമുദ്ര മത്സ്യോൽപാദനത്തിന്റെ 2007 മുതലുള്ള കണക്ക് ചുവടെ ചേർക്കും പ്രകാരമാണ്.<br><br>വർഷം — ഉല്പാദനം (ടൺ)<br>2007-2008 — 586286<br>2008-2009 — 583180<br>2009-2010 — 570013<br>2010-2011 — 560398<br>2011-2012 — 553177<br><br>കൂടാതെ ഉൾനാടൻ മത്സ്യോൽപാദനവും ഓരോ വർഷവും കൂടി വരുന്നുണ്ട്.<br><br>വർഷം — ഉല്പാദനം (ടൺ)<br>2007-2008 — 91085<br>2008-2009 — 102842<br>2009-2010 — 116836<br>2010-2011 — 121215<br>2011-2012 — 140031 |
| (ബി) | മത്സ്യത്തൊഴിലാളി സമൂഹത്തെ ഏതെല്ലാം നിലയിൽ ഇത് ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | | |

ആകെ മത്സ്യ ഉല്പാദനം

| വർഷം | ഉല്പാദനം (ടൺ) |
|---|---|
| 2007-2008 | 677371 |
| 2008-2009 | 686022 |
| 2009-2010 | 686849 |
| 2010-2011 | 681613 |
| 2011-2012 | 693208 |

(സി) എങ്കിൽ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(സി) കേരളത്തിന്റെ തീരക്കടലിൽ മത്സ്യ സമ്പത്ത് പരിപോഷിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിയാണ് മത്സ്യങ്ങളുടെ പ്രധാന പ്രജനന സമയമായ മൺസൂൺ കാലത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത്. അഴി/പൊഴി മുഖങ്ങളിൽ നാരൻ, കാര എന്നീ ഇനങ്ങളിലുള്ള ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന സീറാഞ്ചിംഗ് പദ്ധതി എല്ലാ വർഷവും നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷം ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനു വേണ്ടി എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന മത്സ്യ കർഷക വികസന ഏജൻസികൾ വഴി ഉൾനാടൻ മത്സ്യകൃഷി, കുളങ്ങളിലെ മത്സ്യകൃഷി, പാടശേഖരങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി, റിസർവോയറുകൾ/ പൊതു ജലാശയങ്ങളിൽ മത്സ്യ/ ചെമ്മീൻ വിത്ത് നിക്ഷേപം, സംയോജിത മത്സ്യകൃഷി തുടങ്ങി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും, അതു പ്രകാരം ഉൾനാടൻ മത്സ്യോല്പാദനം 1.50 ലക്ഷം ടൺ ആയി ഉയരുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരളത്തിൽ അനുയോജ്യമായ മുഴുവൻ ജലാശയങ്ങളിലും മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2012-2013 മുതൽ 'മത്സ്യ സമൃദ്ധി' പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | കടൽ മത്സ്യബന്ധന രംഗത്ത് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്ന നയസമീപനങ്ങൾ തിരുത്തപ്പെടേണ്ടതാണെന്ന് സംസ്ഥാന സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ മത്സ്യസമ്പത്തിന്റെ ശോഷണത്തിനിടയാക്കുന്ന നയങ്ങളിൽ നിന്നും കേന്ദ്ര സർക്കാരിനെ പിന്തിരിപ്പിക്കാൻ സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കേന്ദ്ര സർക്കാർ പുറത്തിറക്കിയ മത്സ്യബന്ധന നിയന്ത്രണ നിയമം (മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് 2009) പ്രകാരം ലൈസൻസുള്ള വിദേശ കപ്പലുകൾക്ക് പുറം കടലിൽ പ്രവർത്തിക്കാനാകും. ഇന്ത്യാ ഗവൺമെന്റിന്റെ ലെറ്റർ ഓഫ് പെർമിറ്റ് (LOP) അനുസരിച്ച് സാങ്കേതിക മേന്മയുള്ള വിദേശ കപ്പലുകൾക്ക് ഇന്ത്യയുടെ എക്സ്ക്ലൂസീവ് എക്കണോമിക് സോണിൽ (EEZ) മത്സ്യബന്ധനം നടത്താൻ അനുമതി നൽകിയിട്ടുണ്ട്.<br><br>ട്രോളിംഗ് നിരോധന സമയത്ത് വിദേശ കപ്പലുകൾ കേരളത്തിന്റെ അധികാര പരിധിയിലുള്ള ടെറിട്ടോറിയൽ വാട്ടേഴ്സിൽ (12 നോട്ടിക്കൽ മൈൽ) മത്സ്യബന്ധനം നടത്തുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ഇറമുഖങ്ങളിലേക്ക് വരുന്ന കപ്പലുകൾ ഒഴികെയുള്ളവ, അന്തർദേശീയ ഷിപ്പിംഗ് ചാനലിൽ കൂടി മാത്രം യാത്ര ചെയ്യേണ്ടതാണെന്നും അവ കേരള തീരത്തേയ്ക്കും മത്സ്യബന്ധന മേഖലയിലേക്കും പ്രവേശിക്കരുതെന്നും നിർദ്ദേശം നൽകണമെന്ന് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ